# ഖുർആൻ ബോധനം

എ.വൈ.ആർ



സൂറ-20

## ത്വാഹാ

**ആയത്ത് 78 മുതൽ 82 വരെ**

ദൈവ ഭക്തരും ധർമ നിഷ്ഠരും നീതിമാന്മാരുമായ വിശ്വാസികൾ അല്ലാഹുവിന്റെ ഉറ്റവരും പ്രിയപ്പെട്ടവരുമാവുക എന്നത് ഇസ്റാഈല്യർക്കു മാത്രം പറഞ്ഞിട്ടുള്ള കാര്യമല്ല. ഏതു സമുദായക്കാരായാലും അത്തരം ആളുകളെ അല്ലാഹു അവന്റെ ഉറ്റമിത്രങ്ങളായി സ്വീകരിക്കും.

فَأَتْبَعَهُمْ فِرْعَوْنُ بِجُنُودِهِۦ فَغَشِيَهُم مِّنَ ٱلْيَمِّ مَا غَشِيَهُمْ ٧٨

78. ഫറവോൻ തന്റെ പടയുമായി അവരെ പിന്തുടർന്നു. അപ്പോൾ സമുദ്രം അവരെ മൂടിയത് മൂടി.

وَأَضَلَّ فِرْعَوْنُ قَوْمَهُۥ وَمَا هَدَىٰ ٧٩

79. ഫറവോൻ സ്വജനത്തെ പിഴപ്പിക്കുകയായിരുന്നു. നേർവഴിക്കു നയിക്കുകയായിരുന്നില്ല.

يَٰبَنِىٓ إِسْرَٰٓءِيلَ قَدْ أَنجَيْنَٰكُم مِّنْ عَدُوِّكُمْ وَوَٰعَدْنَٰكُمْ جَانِبَ
ٱلطُّورِ ٱلْأَيْمَنَ وَنَزَّلْنَا عَلَيْكُمُ ٱلْمَنَّ وَٱلسَّلْوَىٰ ٨٠

80. അല്ലയോ ഇസ്റാഈൽ മക്കളേ, നാം നിങ്ങളെ ശത്രുക്കളിൽ നിന്ന് രക്ഷിച്ചു. ത്വൂർ മലയുടെ വലതുഭാഗത്തെത്താൻ സമയം നിശ്ചയിച്ചു തന്നു. നിങ്ങൾക്കു മന്നായും സൽവായും വർഷിച്ചു തന്നു.

كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ وَلَا تَطْغَوْا۟ فِيهِ فَيَحِلَّ عَلَيْكُمْ غَضَبِى ۖ
وَمَن يَحْلِلْ عَلَيْهِ غَضَبِى فَقَدْ هَوَىٰ ٨١

81. നാം നൽകിയ ഉത്തമ വിഭവങ്ങൾ ആഹരിച്ചുകൊള്ളുവിൻ. അതിൽ ധിക്കാരം പ്രവർത്തിക്കാതിരിക്കുവിൻ. ധിക്കാരം പ്രവർത്തിച്ചാൽ നിങ്ങളിൽ എന്റെ കോപം പതിക്കും. എന്റെ കോപം പതിച്ചവരോ, വീണുപോയതു തന്നെ.

وَإِنِّى لَغَفَّارٌ لِّمَن تَابَ وَءَامَنَ وَعَمِلَ صَٰلِحًا ثُمَّ ٱهْتَدَىٰ ٨٢

82. എന്നാൽ പാപങ്ങളിൽ പശ്ചാത്തപിക്കുകയും സത്യവിശ്വാസം കൈക്കൊണ്ട് സൽക്കർമങ്ങളനുഷ്ഠിക്കുകയും പിന്നെ സന്മാർഗത്തിൽ ഉറച്ചു നിലകൊള്ളുകയും ചെയ്തവർക്ക് ഉദാരമായി പൊറുത്തുകൊടുക്കുന്നവൻതന്നെയാകുന്നു ഞാൻ.

فَأَتْبَعَهُمْ فِرْعَوْنُ= അപ്പോൾ ഫറവോൻ അവരെ പിന്തുടർന്നു بِجُنُودِهِۦ= തന്റെ പടയുമായി

فَغَشِيَهُم= അപ്പോൾ അവരെ മൂടി مِّنَ ٱلْيَمِّ= സമുദ്ര(ം)ത്താൽ مَا غَشِيَهُمْ= അവരെ മൂടിയത്

وَأَضَلَّ فِرْعَوْنُ= ഫറവോൻ പിഴപ്പിച്ചു (ക്കുകയായിരുന്നു) قَوْمَهُۥ= സ്വജനത്തെ

وَمَا هَدَىٰ= അവൻ സന്മാർഗം കാണിച്ചില്ല (നേർവഴിക്കു നയിക്കുകയായിരുന്നില്ല)

يَٰبَنِىٓ إِسْرَٰٓءِيلَ= അല്ലയോ ഇസ്റാഈൽ മക്കളേ قَدْ أَنجَيْنَٰكُم= തീർച്ചയായും നാം നിങ്ങളെ രക്ഷിച്ചു

مِّنْ عَدُوِّكُمْ= നിങ്ങളുടെ ശത്രുക്കളിൽ നിന്ന്

وَوَٰعَدْنَٰكُمْ= നാം നിങ്ങൾക്കു വാഗ്ദാനം നൽകുകയും ചെയ്തു (സമയം നിശ്ചയിച്ചു തന്നു)

جَانِبَ ٱلطُّورِ ٱلْأَيْمَنَ= ത്വൂറിന്റെ (ത്വൂർ മലയുടെ) വലതു വശത്ത് (എത്താൻ)

وَنَزَّلْنَا عَلَيْكُمُ= നാം നിങ്ങൾക്കു മീതെ ഇറക്കി, വർഷിച്ചു ٱلْمَنَّ وَٱلسَّلْوَىٰ= മന്നായും സൽവായും

كُلُوا۟= നിങ്ങൾ ആഹരിച്ചു കൊള്ളുവിൻ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ= നാം നൽകിയ വിശുദ്ധ വിഭവങ്ങളിൽ നിന്ന്

وَلَا تَطْغَوْا۟ فِيهِ= അതിൽ ധിക്കാരം പ്രവർത്തിക്കാതിരിക്കുവിൻ

فَيَحِلَّ عَلَيْكُمْ= ധിക്കാരം പ്രവർത്തിച്ചാൽ നിങ്ങളുടെ മേൽ പതിക്കും غَضَبِى= എന്റെ കോപം

وَمَن يَحْلِلْ عَلَيْهِ غَضَبِى= എന്റെ കോപം പതിച്ചവൻ(നോ) فَقَدْ هَوَىٰ= തീർച്ചയായും വീണു (ണതുതന്നെ)

وَإِنِّى لَغَفَّارٌ= (എന്നാൽ) തീർച്ചയായും ഞാൻ ഉദാരമായി പൊറുത്തുകൊടുക്കുന്നവൻ തന്നെയാകുന്നു

لِّمَن تَابَ= പാപങ്ങളിൽ പശ്ചാത്തപിച്ചവന്ന് (ക്കുകയും) وَءَامَنَ = വിശ്വസിക്കുകയും (വിശ്വാസം കൈക്കൊണ്ട്)

وَعَمِلَ صَٰلِحًا= സൽകർമങ്ങളനുഷ്ഠിക്കുകയും

ثُمَّ ٱهْتَدَىٰ= പിന്നെ സന്മാർഗസ്ഥനാവുകയും (സന്മാർഗത്തിലുറച്ചുനിലകൊള്ളുകയും ചെയ്തവന്)

## 78

**ഇ**സ്റാഈല്യർ രായ്ക്കുരാമാനം ഈജിപ്തുവിട്ടിരിക്കുന്നുവെന്നറിഞ്ഞ ഫറവോന്ന് അവർ പൊയ്ക്കൊള്ളട്ടെ എന്ന് വിചാരിക്കുവാൻ കഴിയുമായിരുന്നില്ല. തന്റെ പ്രജകളിലൊരു വിഭാഗം നാടുവിട്ടുപോകുന്നത് ഏതുരാജാവിന്റെയും പ്രതാപത്തിന് ഹാനികരമാണ്. ഇഷ്ടമില്ലാത്തവരെ ബഹിഷ്ക്കരിക്കാനും നാടുകടത്താനുമൊക്കെ രാജാവിനധികാരമുണ്ടെങ്കിലും രാജാവിനെ ബഹിഷ്ക്കരിക്കാനും അനുമതിയില്ലാതെ രാജ്യം വിട്ടുപോകാനും പ്രജകൾക്കവകാശമില്ല. അതിനാൽ ഇസ്റാഈല്യരുടെ പലായനം തടയേണ്ടത് ഫറവോന്റെ അധികാരതാൽപര്യമായിരുന്നു. കൂടാതെ ഈജിപ്തിലെ കാർഷിക-വ്യാവസായിക തൊഴിൽ ശക്തിയുടെ മുഖ്യപങ്ക് ഇസ്റാഈല്യരായിരുന്നു. അവരുടെ അധ്വാനത്തിന്റെ ഫലമായിരുന്നു ഈജിപ്തിന്റെ വിഭവസമൃദ്ധിയും നാഗരിക വികാസവും. ഈ ശക്തി പെട്ടെന്നൊരുനാൾ അപ്രത്യക്ഷമായാൽ രാജ്യത്തിന്റെ ഉൽപാദന-സാമ്പത്തിക ഘടനയാകെ പ്രതിസന്ധിയിലാകും. അതൊഴിവാക്കാനുള്ള മാർഗം ഇസ്റാഈല്യരുടെ പലായനം തടയുക മാത്രമാണ്. ഫറവോൻ അവരെ പിടികൂടാൻ പുറപ്പെട്ടു. ഫറവോൻ പട ചെങ്കടൽ തീരത്തെത്തിയപ്പോഴേക്കും ഇസ്റാഈല്യർ കടലിൽ രൂപപ്പെട്ട പാതയിലൂടെ ഏറെ മുന്നോട്ടു പോയിരുന്നു. ആ വഴി ഇസ്റാഈല്യർക്ക് രക്ഷപ്പെടാൻ അല്ലാഹു ഒരുക്കിക്കൊടുത്ത ദിവ്യാത്ഭുതമാണെന്നോർക്കാതെ ഇസ്റാഈല്യർ പോയ വഴിയെ തന്നെ ഫറവോൻ അവരെ പിന്തുടർന്നു. കടലിലെ അത്ഭുത വഴി കണ്ട ഫറവോൻ അൽപനേരം ശങ്കിച്ചു നിന്ന ശേഷം ഒരു സൈനികവ്യൂഹത്തെ ആ വഴിയിലൂടെ പറഞ്ഞയക്കുകയായിരുന്നുവെന്ന് ചിലർ പറയുന്നു. അവർ കുഴപ്പമില്ലാതെ മുന്നോട്ടു പോകുന്നതു കണ്ടപ്പോൾ ഫറവോനും ബാക്കിയുള്ളവരും അവരെ പിന്തുടർന്നു. ഫറവോൻ പട മുഴുവൻ സമുദ്രമധ്യത്തിലെത്തിയപ്പോൾ മലകൾപോലെ രണ്ടായി പിളർന്നു നിന്ന ജലം പെട്ടെന്ന് കൂടിച്ചേർന്നു. അങ്ങനെ അവരൊന്നടങ്കം മുങ്ങിയൊടുങ്ങി. ഇസ്റാഈല്യർ അപ്പോഴേക്കും മറുകരയിലെത്തിക്കഴിഞ്ഞിരുന്നു. فَغَشِيَهُم مِّنَ ٱلْيَمِّ مَا غَشِيَهُمْ -കടലിനാൽ അവരെ മൂടിയതുമൂടി-എന്നത്, വാക്കുകൾ കൊണ്ട് പറഞ്ഞറിയിക്കാനാവാത്ത സംഭവങ്ങളുടെ രൗദ്രതയും ഭയാനകതയും പ്രകാശിപ്പിക്കുന്ന ഒരു ശൈലിയാണ്.

ഇസ്റാഈല്യർക്ക് ഈജിപ്ത് വിടാൻ ഫറവോൻ ആദ്യം അനുമതി നൽകിയിരുന്നുവെന്നാണ് തൗറാത്തിൽ നിന്ന് മനസ്സിലാകുന്നത്. മൂസാ (അ) പ്രത്യക്ഷപ്പെടുത്തിയ പല ദിവ്യാത്ഭുതങ്ങളും ഫറവോനികളെ ദുരിതത്തിലാഴ്ത്തുന്നതായിരുന്നു. പൊറുതിമുട്ടിയ ഫറവോൻ ഒടുവിൽ അവരെ പോകാനനുവദിച്ചു. പക്ഷെ, ഇസ്റാഈല്യർ പുറപ്പെട്ടുകഴിഞ്ഞപ്പോൾ ഫറവോന്റെ നിലപാടുമാറി. അയാൾ സൈന്യത്തെയും കൂട്ടി പലായകരെ പിന്തുടർന്നു. ബൈബിൾ സംഭവം വിവരിക്കുന്നതിങ്ങനെയാണ്:

"ജനം ഓടിപ്പോയി എന്ന് കേട്ടപ്പോൾ ഫറവോന്റെയും ദാസന്മാരുടെയും മനസ്സുമാറി. അവർ പറഞ്ഞു: നമ്മൾ ചെയ്തത് എന്താണ്, ഇസ്റായേൽ ജനത്തെ നമ്മുടെ ദാസ്യവൃത്തിയിൽ നിന്നും വിട്ടുകളഞ്ഞല്ലോ. അനന്തരം രാജാവ് തന്റെ രഥം ഒരുക്കി. വിശേഷപ്പെട്ട അറുനൂറ് രഥവും ഈജിപ്തിലെ മറ്റെല്ലാ രഥങ്ങളും അവയിലെല്ലാം വേണ്ട ഉദ്യോഗസ്ഥന്മാരെയും കൂട്ടി സൈന്യത്തെ സജ്ജമാക്കി" (പുറപ്പാട്-14:5-7).

"അപ്പോൾ കർത്താവ് മോശെയോടു അരുൾ ചെയ്തു: 'നിന്റെ കൈ സമുദ്രത്തിനുമീതെ നീട്ടുക. വെള്ളം മടങ്ങിവരട്ടെ. ഈജിപ്തുകാരും അവരുടെ രഥങ്ങളും കുതിരപ്പടയും വെള്ളത്തിലാകട്ടെ'. അതനുസരിച്ചു മോശെ സമുദ്രത്തിനു മീതെ കൈ നീട്ടി. പുലർച്ചയായപ്പോൾ സമുദ്രം പഴയപടി ഒഴുകാൻ തുടങ്ങി. ഈജിപ്തുകാർ അതിലേക്കു പാഞ്ഞു. സമുദ്രമധ്യത്തിൽ വെച്ച് കർത്താവ് അവർക്കു സമൂലനാശം വരുത്തി. ഇസ്റായേൽക്കാരെ പിന്തുടർന്നുള്ള രഥങ്ങളെയും കുതിരപ്പടയെയും ഫറവോന്റെ മുഴുവൻ സൈന്യത്തെയും വെള്ളം വന്നുമൂടി. ഒരുത്തരും അവശേഷിച്ചില്ല. വെള്ളം ഇടത്തും വലത്തും മതിൽ പോലെ ഉയർന്നു നിന്നിരുന്നതി

നാൽ ഇസ്റായേൽ ജനം സമുദ്രത്തിലെ വരണ്ട നിലത്തു കൂടി കടന്നുപോയി" (പുറപ്പാട് 14:26-29).

## 79

**ഫ**റവോന്റെ വിനാശകരമായ നേതൃത്വത്തിൽ അനുശോചിക്കുകയാണിവിടെ. അയാളുടെ തെറ്റായ നയം മൂലം സ്വന്തം ജനത നാശത്തിന്റെ കടലിൽ മുങ്ങിയൊടുങ്ങേണ്ടി വന്നു. അവരെ അയാൾ നേർവഴിക്ക് നയിച്ചില്ല. അധികാര ഗർവും അന്ധമായ ദേശീയതയും പാരമ്പര്യ ഭ്രമവുമായിരുന്നു അയാളുടെ പ്രചോദനം. സത്യത്തിനും നീതിക്കും ധർമത്തിനും ഒട്ടും വിലകൽപിച്ചില്ല. ഈ മൂല്യങ്ങളിലൂടെ ജനങ്ങളെ നയിക്കുകയായിരുന്നു ഭരണാധികാരി എന്ന നിലയിൽ അയാളുടെ മൗലികമായ ഉത്തരവാദിത്വം. ഈ ഉത്തരവാദിത്വം ഏറ്റെടുത്ത് അതിനനുസൃതമായ രീതിയിൽ ജനങ്ങളെ മാർഗദർശനം ചെയ്യാൻ ഒരിക്കലും അയാൾ തയാറായില്ല. ഈ അർഥത്തിൽ പ്രകൃത സൂക്തം ഫറവോനെ കുറിച്ചുള്ള ഒരു പരാമർശം മാത്രമല്ല, എക്കാലത്തും രാജ്യഭരണവും ജനനേതൃത്വവും ഏറ്റെടുക്കുന്ന എല്ലാ അധികാരികളുടെയും നേതാക്കളുടെയും മുന്നിൽ വെക്കുന്ന സുവ്യക്തമായ ദൃഷ്ടാന്തവും കൂടിയാകുന്നു.

## 80

**ക**ടൽ കടന്നു രക്ഷപ്പെട്ട ഇസ്റാഈല്യർക്ക് പിന്നീട് അല്ലാഹു അരുളിയ ഔദാര്യങ്ങൾ അനുസ്മരിക്കുകയാണ് ഈ സൂക്തം. ഇവിടെ സംഗ്രഹിച്ചു പറഞ്ഞ കാര്യങ്ങൾ സൂറ: *അൽ ബഖറ* 47-ാം സൂക്തം മുതൽ അറുപതോളം സൂക്തങ്ങളിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. جَانِبَ ٱلطُّورِ ٱلْأَيْمَنَ എന്ന വാക്യത്തിൽ അവതരിപ്പിക്കുന്നത് മദ്യനിൽ നിന്നു ഈജിപ്തിലേക്കു സഞ്ചരിക്കുമ്പോൾ ആ പർവ്വതത്തിന്റെ വലത്തായി വരുന്ന ഭാഗമാണ്. ഈ ഭാഗത്തു വച്ചുതന്നെയാണ് അല്ലാഹു മൂസാനബിക്ക് പ്രവാചകത്വമരുളിയതും. കക്ഷികൾ പരസ്പരം വാഗ്ദാനം ചെയ്താലാണ് واعد എന്നു പറയുക. വേദം നൽകാമെന്നും അതു സ്വീകരിക്കാൻ സീനായുടെ വലതുവശത്ത് എത്തണമെന്നും അവിടെ നാൽപതുനാൾ തപസ്സനുഷ്ഠിക്കണമെന്നും അല്ലാഹു വാഗ്ദാനം وعد ചെയ്യുകയായിരുന്നു. നിശ്ചിത സമയത്ത് സീനായിലെത്തി വസിച്ചുകൊള്ളാമെന്നു മൂസായും وعد ചെയ്തു. അങ്ങനെ അത് ഉഭയകക്ഷി വാഗ്ദാനം- مواعدة ആയി. സൂറ *അൽ ബഖറ* 52-ാം സൂക്തത്തിൽ അതു പരാമർശിച്ചിട്ടുണ്ട്.

ബൈബിൾ ഇതെക്കുറിച്ച് പറയുന്നതിങ്ങനെ: "ഈജിപ്തിൽ നിന്നു പുറപ്പെട്ടതിന്റെ മൂന്നാം അമാവാസിയുടെ അന്ന് ഇസ്റായേൽ ജനം സീനായ് മരുഭൂമിയിൽ എത്തി. റഫിദീമിൽ നിന്നു പുറപ്പെട്ടു സീനായ് മരുഭൂമിയിൽ എത്തിയ അവർ സീനായ് മലയുടെ അടിവാരത്തിൽ മരുപ്രദേശത്ത് പാളയമടിച്ചു. മോശെ ദൈവ സന്നിധിയിലേക്കു കയറിച്ചെന്നു. കർത്താവ് മലമുകളിൽനിന്നു വിളിച്ചു മോശെയോടു അരുൾ ചെയ്തു: നീ ചെന്ന് യാക്കോബിന്റെ ഭവനത്തോട് പറയുക; ഇസ്റാഈൽ ജനത്തോട് ഇങ്ങനെ പറയുക: ഞാൻ ഈജിപ്തുകാരോടു ചെയ്തതും കഴുകന്റെ ചിറകിൽ എടുത്തെന്നപോലെ, നിങ്ങളെ എന്നിലേക്ക് കൊണ്ടുവന്നതും നിങ്ങൾ കണ്ടല്ലോ. നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ എല്ലാ ജനങ്ങൾക്കിടയിലും നിങ്ങൾ എന്റെ സ്വന്തം ജനം ആയിരിക്കും. ഭൂമി മുഴുവൻ എന്റേതു ആണല്ലോ. നിങ്ങൾ എനിക്ക് രാജകീയ പുരോഹിത വർഗവും വിശുദ്ധ ജനവും ആയിരിക്കും. ഇതാണ് നീ ഇസ്റായേൽ മക്കളോടു പറയേണ്ടത്" (പുറപ്പാട് 19:1-6).

ഇതുപോലുള്ള വേദ വചനങ്ങളെ ആധാരമാക്കിയാണ് തങ്ങൾ ദൈവത്തിന്റെ സ്വന്തക്കാരും പ്രിയപ്പെട്ടവരുമായ വിശുദ്ധ ജനമാണെന്നും ഈ ലോകത്തും പരലോകത്തും എന്നെന്നും തങ്ങളുടെ അവസ്ഥ അതുതന്നെയായിരിക്കുമെന്നും യഹൂദർ വാദിച്ചു വരുന്നത്. പക്ഷേ, ഈ മഹത്വം സിദ്ധിക്കുന്നതിന് പറഞ്ഞിട്ടുള്ള ഉപാധി അവർ വിസ്മരിച്ചുകളയുന്നു. അല്ലാഹുവിന്റെ വാക്കുകൾ കേൾക്കുകയും അവനോടുള്ള ഉടമ്പടി നടപ്പിലാക്കുകയും ചെയ്യുക എന്നതാണത്. ഈ ഉപാധികൾ പൂർത്തീകരിക്കുന്നതിൽ നിന്ന് പിൽക്കാലത്ത് ഇസ്റാഈല്യർ പിന്നോട്ടു പോയെന്ന് ബൈബിളിൽ നിന്ന് തന്നെ വ്യക്തമാകുന്നുണ്ട്. ഖുർആനും അക്കാര്യം ആവർത്തിച്ചുണർത്തുന്നുണ്ട്. വേദവാക്യങ്ങളിൽ പറയുന്ന മഹത്വവും വിശുദ്ധിയുമൊന്നും അത്തരം ഇസ്റാഈല്യരിൽ ഉണ്ടായിരിക്കുകയില്ല എന്ന് സ്പഷ്ടമാണല്ലോ. ദൈവ ഭക്തരും ധർമ നിഷ്ഠരും നീതിമാന്മാരുമായ വിശ്വാസികൾ അല്ലാഹുവിന്റെ ഉറ്റവരും പ്രിയപ്പെട്ടവരുമാവുക എന്നത് ഇസ്റാഈല്യർക്കു മാത്രം പറഞ്ഞിട്ടുള്ള കാര്യവുമല്ല. ഏതു സമുദായക്കാരായാലും അത്തരം ആളുകളെ അല്ലാഹു അവന്റെ ഉറ്റമിത്രങ്ങളായി സ്വീകരിക്കും. ٱللَّهُ وَلِيُّ ٱلَّذِينَ ءَامَنُوا۟ (അല്ലാഹു സത്യവിശ്വാസികളുടെ ഉറ്റമിത്രമാകുന്നു- 2:257). إِنْ أَوْلِيَآؤُهُۥٓ إِلَّا ٱلْمُتَّقُونَ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ (അല്ലാഹുവിന്റെ വിധിവിലക്കുകൾ ഭക്തിയോടെ പാലിക്കുന്നവർ മാത്രമാകുന്നു അവന്റെ മിത്രങ്ങൾ. പക്ഷെ അധിക ജനവും ഈ സത്യം അറിയുന്നില്ല-8:34). അല്ലാഹുവിന്റെ ഉറ്റവരും പ്രിയപ്പെട്ടവരും തങ്ങൾ മാത്രമാണെന്നവകാശപ്പെട്ട യഹൂദരോട് അല്ലാഹു പറയുന്നു:

إِن زَعَمْتُمْ أَنَّكُمْ أَوْلِيَآءُ لِلَّهِ مِن دُونِ ٱلنَّاسِ فَتَمَنَّوُا۟ ٱلْمَوْتَ إِن كُنتُمْ صَـٰدِقِينَ

(മറ്റു മനുഷ്യരൊന്നുമില്ലാതെ നിങ്ങൾ മാത്രമാണ് അല്ലാഹുവിന്റെ മിത്രങ്ങൾ എന്ന വാദത്തിൽ സത്യസന്ധരാണെങ്കിൽ നിങ്ങൾ മരണം കൊതിക്കേണ്ടതാകുന്നു- 62:6).

മന്നയുടെയും സൽവയുടെയും വിശദീകരണം നേരത്തെ *അൽബഖറ* 57-ാം സൂക്തത്തിനു താഴെ വന്നിട്ടുള്ളതാണ്. ഈ ദൈവാനുഗ്രഹത്തോട് ഇസ്റാഈല്യർ അനുവർത്തിച്ച അവഗണനയും അവിടെ പരാമർശിച്ചിട്ടുണ്ട്.

## 81

**മു**കളിൽ സൂചിപ്പിച്ച അനുഗ്രഹങ്ങൾ അവരിൽ ചുമത്തുന്ന ബാധ്യതയെക്കുറിച്ചു ഉണർത്തുകയാണിവിടെ. ഏതൊരു അനുഗ്രഹവും അതനുഭവിക്കുന്നവരിൽ നിന്ന് അനുഗ്രഹദാതാവിനോട് നന്ദിയും കൂറും താൽപര്യപ്പെടുന്നുണ്ട്- അനുഗ്രഹദാതാവ് സ്വയം അതാവശ്യപ്പെട്ടിട്ടില്ലെങ്കിൽ പോലും. ഇസ്റാഈല്യർക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്ക് അവർ അല്ലാഹുവിനോട് നന്ദികാണിക്കണമെന്ന് പ്രവാചകന്മാർ വാക്കാൽ തന്നെ അവരെ ഉപദേശിച്ചിട്ടുള്ളതാണെന്ന് ബൈബിളും ഖുർആനും സാക്ഷ്യപ്പെടുത്തുന്നുണ്ട്. وَلَا تَطْغَوْا فِيهِ -യിലെ تَطْغَوْا -ന്റെ ഭൂതകാല രൂപം طَغَى യാണ്. ഈ പദത്തിന്റെ അർഥം *അൽബഖറ* 256-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. അനുഗ്രഹങ്ങളുടെ സമൃദ്ധിയിൽ നിങ്ങൾ ധിക്കാരികളും ഗർവിഷ്ഠരുമായിപ്പോകരുത് എന്നാണ് ഇവിടെ ആശയം. അത് ഫറവോനികളെപ്പോലെയുള്ള അവിശ്വാസികളുടെ സ്വഭാവമാണ്. അതിന്റെ അനന്തരഫലം നിങ്ങൾ കണ്ടുകഴിഞ്ഞതാണല്ലോ.

ദൈവാനുഗ്രഹങ്ങളോട് ധിക്കാരം കാണിക്കൽ ദൈവകോപം ക്ഷണിച്ചുവരുത്തലാണ്. ദൈവകോപത്തിനിരയാകുന്നവർ എത്ര വമ്പന്മാരായാലും വീണുപോവുക തന്നെ ചെയ്യും. ഇതാണ് وَمَن يَحْلِلْ عَلَيْهِ غَضَبِي فَقَدْ هَوَىٰ എന്ന വാക്യത്തിന്റെ താൽപര്യം. ഉയരത്തിൽ നിന്നു വീണാലാണ് هَوَىٰ എന്നു പറയുക. ഉത്ഥാനം അസാധ്യമാകുമാറ് തകർന്നടിഞ്ഞു പോകുന്നതിന്റെ രൂപകമായിട്ടാണ് ഈ പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

## 82

**ഭീ**ഷണിയോടൊപ്പം സുവിശേഷവും നൽകുന്നത് ഖുർആന്റെ സമ്പ്രദായമാണ്. അജ്ഞതയാലോ അവിവേകത്താലോ ദൈവാനുഗ്രഹങ്ങളിൽ ധിക്കാരം പൂണ്ട് അധർമങ്ങളാചരിച്ചവർക്ക് പിന്നീട് വീണ്ടു വിചാരമുണ്ടാവുകയും സത്യവിശ്വാസം കൈക്കൊണ്ട് സൽകർമങ്ങളാചരിക്കുകയും ആ ചര്യയിൽ ഉറച്ചു നിൽക്കുകയും ചെയ്യുകയാണെങ്കിൽ നേരത്തെ ചെയ്തുപോയ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തുകൊടുക്കുകയും വീഴ്ചയിൽ നിന്ന് രക്ഷിക്കുകയും കൂടുതൽ ഉയരങ്ങളിലേക്കുയർത്തിക്കൊണ്ടിരിക്കുകയും ചെയ്യും. غافر ന്റെയും غفور ന്റെയും അത്യുത്തമ വാചിയാണ് غفّار. അവരുടെ കുറ്റങ്ങൾ എത്ര വർധിച്ചതാണെങ്കിലും വലുതാണെങ്കിലും പൂർണമായി പൊറുത്തു കൊടുക്കുമെന്നാണ് താൽപര്യം. ഇങ്ങനെ പൊറുക്കപ്പെടുന്നതിന് നാലു ഉപാധികളുണ്ട്. 1) തൗബ- പശ്ചാത്താപം. ചെയ്തുപോയ തെറ്റുകളിൽ ആത്മാർഥമായ കുറ്റ ബോധവും ഖേദവും ഉണ്ടായിരിക്കുക. 2) ഈമാൻ- അല്ലാഹുവിൽ- അവന്റെ സർവ്വ ശക്തിയിലും പരമാധികാരത്തിലും- ദൃഢമായ വിശ്വാസമുണ്ടായിരിക്കുക. 3) അമലുസ്സ്വാലിഹാത്ത്- സൽകർമങ്ങൾ അഥവാ അല്ലാഹു അനുശാസിച്ച ധർമങ്ങൾ കഴിയുന്നത്ര ഭംഗിയായി നിർവഹിക്കുക. 4) ആദ്യത്തെ മൂന്നു ഉപാധികളിലും ജീവിതകാലം മുഴുവൻ ഉറച്ചു നിൽക്കുക. പഴയ പാപങ്ങളിലൊന്നും പശ്ചാത്താപമില്ലാത്ത വിശ്വാസവും വിശ്വാസമില്ലാത്ത പശ്ചാത്താപവും അല്ലാഹു പരിഗണിക്കുകയില്ല. തൗബയും ഈമാനും സൽകർമങ്ങൾക്കു പ്രചോദിപ്പിക്കേണ്ടതുണ്ട്. സൽകർമമില്ലാത്ത ഈമാനും ഈമാനില്ലാത്ത സൽകർമവും അല്ലാഹുവിങ്കൽ ഫലശൂന്യമാണ്.

ചെയ്തുപോയ പാപങ്ങളിൽ വല്లപ്പോഴുമൊക്കെ കുറ്റബോധം തോന്നുക. ചിലപ്പോഴൊക്കെ ദൈവവിശ്വാസമുണ്ടാവുക. ഇടക്കൊക്കെ സൽകർമങ്ങൾ ചെയ്യുക. ഇതൊക്കെ എല്ലാ മനുഷ്യരിലും സംഭവിക്കാറുള്ളതാണ്. അങ്ങനെ നൈമിഷികമായ നടപടികളിലേർപ്പെടുന്നവർക്കല്ല അല്ലാഹു غفّار ആകുന്നത്. തൗബ, ഈമാൻ, സൽകർമം എന്നിവയിൽ ജീവിത കാലം മുഴുവൻ ഉറച്ചു നിൽക്കണം. ഉപരിസൂചിതസ്വഭാവചര്യ അവരുടെ സ്ഥിരം പ്രകൃതിയായി മാറണം. അപവാദമായി മാത്രമേ വീഴ്ചകൾ സംഭവിക്കാവൂ. ഇതാണ് ثُمَّ اهْتَدَىٰ യുടെ താൽപര്യം. സൂറ. അൽ അഹ്ഖാഫ് 13-ാം സൂക്തത്തിലെ إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا (ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്നു പ്രഖ്യാപിക്കുകയും പിന്നെ അതിൽ ഉറച്ചു നിലകൊള്ളുകയും ചെയ്തവർ) എന്നതിലെ ثُمَّ اسْتَقَامُوا എന്ന വാക്കിനു സമാനമാണ് ഇവിടെ ثُمَّ اهْتَدَىٰ. ■


**NCT EDUCATIONAL COMPLEX VERUMPULAKKAL**
Shanthi Gram, P.O Kadannamanna
Mankada, Malappuram Dt, Pin 679324

**Admission open**

1. NCT Thahfeedul Quran Academy
2. NCT English Medium School (Kerala syllabus)
3. Al Wathaniyya Secondary Madrasa (Majlis Kerala Scheem)
4. NCT Montessori House of Children
5. NCT Nursery School (KG)

**ATTRACTIONS**

Boys Hostel
Attractive School Campus

**WANTED**

Experienced Montessori Trained Teachers
(Attractive salary and Accommodation)
Contacts:-
e-mail-nationalct123@gmail.com
Ph: 9539548028- Principal 9995761641- Secretary
9995983210- Manager 049933236075- Land line